പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

20 (2949)ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളാണ് ഇപ്പോൾ പി.എസ്.സി മുഖേന നടത്തുന്നത്;

(ബി) നിയമനങ്ങൾ പി.എസ്.സി.ക്ക് കൈമാറാനുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) നിയമനങ്ങൾ പി.എസ്.സി,ക്ക് കൈമാറുന്നതിന് സർക്കാർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 52 പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്. സി. മുഖേന നിയമനങ്ങൾ നടത്തുന്നുണ്ട്. അവയുടെ പേരുവിവരം അനു ബന്ധം I ആയി വച്ചിട്ടുണ്ട്.†

(ബി) 14 (പതിനാല്) പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഇനിയും പി.എസ്.സി. ക്ക് കൈമാറാനുണ്ട്. അവയുടെ പേരുവിവരം അനു ബന്ധം II ആയി വച്ചിട്ടുണ്ട്.†

(സി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനം പി.എസ്. സി.യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇവ പ്രാവർത്തികമാക്കുന്നതിനുവേണ്ടി പി.എസ്.സി.യുമായി ആലോചിച്ച് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുക, തുടങ്ങിയ അനന്തര നടപടികൾ എത്രയും വേഗം പൂർത്തിയാക്കണമെന്ന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം

21 (2950)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസന ത്തിന് ആവശ്യമായ 27 ഏക്കർ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏതു ഘട്ടത്തി ലാണെന്ന് വിശദമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനും മരം മുറിക്കുന്നതിനും സഹായ കരമായി ജനപ്രതിനിധികളെ ഉൾപ്പെടുത്തി സർവകക്ഷി യോഗം വിളിക്കുന്ന തിന് ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്നത്തേയ്ക്കാണ് ഈ യോഗം വിളിച്ചു കൂട്ടാനുദ്ദേ ശിക്കുന്നതെന്ന് അറിയിക്കുമോ?

---

† അനുബന്ധം III

† അനുബന്ധം IIIA

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിമാനത്താവള വികസനത്തിനു വേണ്ടി എടുക്കുന്ന 27 ഏക്കർ സ്ഥലത്തിന്റെ ഫീൽഡ് സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഒന്നാമത്തെ ബ്ലോക്കിന്റെ കരടു വിജ്ഞാപനം അന്തിമ ഘട്ടത്തിലാണ്. മറ്റു ബ്ലോക്കുകളുടെ സബ് ഡിവിഷൻ റിക്കാർഡ്സ് സർവ്വേ ആന്റ് ലാന്റ് റിക്കാർഡ്സ് സൂപ്രണ്ടിന്റെ പരിശോധനയിലാണ്.

(ബി)&(സി) സ്ഥലമെടുക്കുന്നതിനും, മരം മുറിക്കുന്നതിനും സഹായകരമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ എയർപോർട്ട് ഡയറക്ടർ, ജില്ലാ കളക്ടർ, ജില്ലാ കൃഷി ഓഫീസർ അഥവാ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അംഗങ്ങളാണ്. ആദ്യയോഗം 12.7.99 ൽ കൂടി. ഇതിൽ മരം മുറിക്കുന്നതിനുള്ള അന്തിമ തീരുമാനം എടുത്തിട്ടുണ്ട്. ഇതു കൂടാതെ, ബഹു: സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി കൂടെക്കൂടെ യോഗം ചേർന്ന് വിമാനത്താവള വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല യോഗം 28.7.99-ന് ഇക്കാര്യം ചർച്ച ചെയ്യാൻ കൂടുന്നുണ്ട്.

ഗവേഷണ സ്ഥാപനങ്ങളിലെ ശമ്പള പരിഷ്ക്കരണം

22 (2951)ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ അഞ്ചാം ശമ്പള കമ്മീഷൻ റിപ്പോർട്ടു പ്രകാരം ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള ഗവേഷണസ്ഥാപനങ്ങളിൽ ശമ്പളം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഈ ഗവേഷണ സ്ഥാപനങ്ങളിൽ ഏതെല്ലാം ജീവനക്കാർക്ക് ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നുണ്ട്;

(സി) ഏതെല്ലാം ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കാണ് ട്രാൻസ്പോർട്ട് അലവൻസ് നൽകാത്തത്;

(ഡി) ഇവർക്ക് ട്രാൻസ്പോർട്ട് അലവൻസ് നൽകാത്തത് എന്തു കൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ഇ) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) പരാതിയിന്മേൽ എന്തു നടപടിയെടുത്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ എല്ലാ ജീവനക്കാർക്കും, ഭൂതലപഠന കേന്ദ്രത്തിൽ സി.എസ്.ഐ.ആർ നിരക്കിൽ ശമ്പളം ലഭിക്കുന്ന ശാസ്ത്ര സാങ്കേതിക വിഭാഗം ജീവനക്കാർക്കും ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നുണ്ട്.

(സി) ജലവിഭവ വികസന ഗവേഷണ കേന്ദ്രം, കേരള വന ഗവേഷണ കേന്ദ്രം, അനെർട്ട്, ട്രോപിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളിൽ ട്രാൻസ്പോർട്ട് അലവൻസ് നൽകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly